**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2852** **13-02-2024 - ൽ മറുപടിയ്ക്ക്**

**സർഫാസി നിയമം ബാധകമായ സഹകരണ ബാങ്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം സഹകരണ ബാങ്കുകൾക്കാണ് സർഫാസി നിയമം ബാധകമാക്കിയിരിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള 58 അർബൻ സഹകരണ ബാങ്കുകൾക്കും കേരള സംസ്ഥാന സഹകരണ ബാങ്കിനും സർഫാസി നിയമം ബാധകമാണ്. |
| (ബി) | സർഫാസി നിയമവുമായി ബന്ധപ്പെട്ട് സഹകരണ ബാങ്കുകൾ നടത്തിയ റിക്കവറി/അറ്റാച്ച്മെന്റ് നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | NPA ആയ വായ്പകളിൽ നിയമ പ്രകാരമുള്ള രജിസ്റ്റേർഡ് നോട്ടീസ് നൽകിയ ശേഷം സർഫാസി പ്രകാരമുള്ള 60 ദിവസത്തെ സമയത്തിനുള്ളിൽ വായ്പാ തിരിച്ചടവുണ്ടാകണമെന്നു കാണിച്ചുള്ള 13(2) നോട്ടീസ് നൽകുന്നു. അതിനുശേഷം വസ്തു കൈവശമെടുക്കുന്നതിനുള്ള 13(4) നോട്ടീസും തുടർന്ന് ബാങ്കിന്റെ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുഖാന്തിരമോ CJM കോടതി മുഖാന്തിരമോ വസ്തു കൈവശം എടുക്കുന്ന നടപടികളും സ്വീകരിക്കുന്നു. |
| (സി) | സർഫാസി നിയമവുമായി ബന്ധപ്പെട്ട് ഈ സാമ്പത്തിക വർഷം എത്ര കേസുകൾ തീർപ്പാക്കേണ്ടതുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ? | (സി) | സർഫാസി നിയമവുമായി ബന്ധപ്പെട്ട് ഈ സാമ്പത്തിക വർഷം അർബൻ സഹകരണ ബാങ്കുകളിലും കേരള സംസ്ഥാന സഹകരണ ബാങ്കിലുമായി ആകെ 22560 കേസുകൾ തീർപ്പാകാനുണ്ട്.<br><br>ഫയൽ ചെയ്തത് : 20178<br><br>ഫയൽ ചെയ്യാനുള്ളത്: 2382 |

സെക്ഷൻ ഓഫീസർ